കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ഖാദിയും മററു കൈത്തറി വ്യവസായങ്ങളും വികസന (തുണിയിൻമേൽ കൂടുതൽ എക്സൈസ് ഡ്യൂട്ടി) ആക്ററ്, 1953

(1953-ലെ 12-ാം നമ്പർ ആക്ററ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1977

വില:

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# ഖാദിയും മററു കൈത്തറി വ്യവസായങ്ങളും വികസന (തുണിയിൻമേൽ കൂടുതൽ എക്സൈസ് ഡ്യൂട്ടി) ആക്റ്റ്, 1953

(1953-ലെ 12-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1977

# ഖാദിയും മററു കൈത്തറി വ്യവസായങ്ങളും വികസന (തുണിയിൻമേൽ കൂടുതൽ എക്സൈസ് ഡ്യൂട്ടി) ആക്ററ്, 1953

(1953-ലെ 12-ാം നമ്പർ ആക്ററ്)

ഖാദി വ്യവസായവും മററു കൈത്തറി വ്യവസായങ്ങളും വികസിപ്പിക്കുന്നതിനുവേണ്ടി പണമുണ്ടാക്കുകയും, ഖാദിയുടേയും മററു കൈത്തറിത്തുണിയുടേയും വില്പന അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുന്നതിന്, തുണിയിൻമേൽ ഒരു കൂടുതൽ എക്സൈസ് ഡ്യൂട്ടി ലെവി ചെയ്യുകയും പിരിക്കുകയും ചെയ്യാൻ വ്യവസ്ഥ ചെയ്യുന്നതിനുള്ള ആക്ററ്.

[1953 ഏപ്രിൽ, 14]

പാർലമെൻററ് താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും.—(1) ഈ ആക്ററിന്, ഖാദിയും മററു കൈത്തറി വ്യവസായങ്ങളും വികസന (തുണിയിൻമേൽ കൂടുതൽ എക്സൈസ് ഡ്യൂട്ടി) ആക്ററ്, 1953 എന്നു പേർ പറയാവുന്നതാണ്.

(2) ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്ററിൽ, സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "നിശ്ചിത ദിവസ"ത്തിന്,—

(i) ജമ്മു-കാശ്മീർ സ്റേററ് സംബന്ധിച്ചിടത്തോളം, ജമ്മു-കാശ്മീർ (നിയമങ്ങൾ വ്യാപിപ്പിക്കൽ) ആക്ററ്, 1956, ആ സ്റേററിൽ പ്രാബല്യത്തിൽ വരുന്ന തീയതി എന്നും;

(ii) ബാക്കിയുള്ള ഇൻഡ്യയെ സംബന്ധിച്ചിടത്തോളം, 1953 ഫെബ്രുവരി 15-ാം ദിവസം എന്നും,

അർത്ഥമാകുന്നതും;

(ഖ) "തുണി"ക്ക്, കേന്ദ്ര എക്സൈസും ഉപ്പും ആക്ററ്, 1944 (1944-ലെ 1)-ലെ ഒന്നാം പട്ടികയിൽ നിർവചിച്ച പ്രകാരമുള്ള പരുത്തിത്തുണിത്തരവും, കമ്പിളിത്തുണിത്തരവും പട്ടുതുണിത്തരവും റയാൺ അല്ലെങ്കിൽ കൃത്രിമപ്പട്ട് തുണിത്തരവും എന്നർത്ഥമാകുന്നതും;

(ഗ) "കൈത്തറി തുണി"ക്ക്, ശാരീരികാദ്ധ്വാനത്താൽ പ്രവർത്തിപ്പിക്കുന്ന തറികളിൽ, പട്ടും, കൃത്രിമപ്പട്ടും, അസംസ്കൃതനാരും, കമ്പിളിയും ഉൾപ്പെടെയുള്ള, ഏതെങ്കിലും പദാർത്ഥത്തിൽ നിന്ന് നെയ്യുന്ന ഏതെങ്കിലും തുണി എന്നർത്ഥമാകുന്നതും;

(ഘ) "കൈത്തറി വ്യവസായ"ങ്ങൾക്ക്, ഖാദിയോ മററ് കൈത്തറിത്തുണിയോ നിർമ്മിക്കുന്ന വ്യവസായങ്ങൾ എന്നർത്ഥമാകുന്നതും;

(ങ) "ഖാദി"ക്ക്, ഇൻഡ്യയിൽ കൈകൊണ്ട് നൂല്ക്കുന്ന നൂലിൽനിന്ന് നെയ്യുന്ന ഏതെങ്കിലും കൈത്തറിത്തുണി എന്നർത്ഥമാകുന്നതും;

ആണ്.

3. തുണിയിൻമേൽ കൂടുതൽ എക്സൈസ് ഡ്യൂട്ടി ലെവി ചെയ്യൽ.—(1) ഇൻഡ്യയിൽ നിശ്ചിതദിവസമോ, അതിനുശേഷമോ നിർമ്മിക്കുന്ന എല്ലാ തുണിയിൻമേലും, തുണി നിർമ്മിക്കുന്ന ഏതെങ്കിലും ഫാക്ററിയിലോ, അതോടുചേർന്ന ഏതെങ്കിലും കെട്ടിടപരിസരങ്ങളിലോ സ്ററാക്കായി കിടക്കുന്ന എല്ലാ തുണിയിൻമേലും, ചതുരശ്രമീററിന്, 1.9 നയാപൈസ നിരക്കിൽ ഒരു എക്സൈസ് ഡ്യൂട്ടി ലെവി ചെയ്യുകയും പിരിക്കുകയും ചെയ്യപ്പെടുന്നതാണ്:

എന്നാൽ—

(i) ഇൻഡ്യയുടെ വെളിയിലേയ്ക്ക് കയററുമതി ചെയ്യുന്നതോ,

(ii) ഇൻഡ്യയുടെ വെളിയിലേയ്ക്ക് കയററുമതി ചെയ്യുന്ന സാമാനങ്ങളുടെ നിർമ്മാണത്തിനുപയോഗിക്കുന്നതോ, ആയ തുണിയിൻമേൽ അങ്ങനെയുള്ള യാതൊരു ഡ്യൂട്ടിയും ലെവി ചെയ്യാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ച എക്സൈസ് ഡ്യൂട്ടി, കേന്ദ്ര എക്സൈസും ഉപ്പും ആക്ററ്, 1944 (1944-ലെ 1)-ൻ കീഴിൽ തുണിയിൻമേൽ ചാർജ്ജ് ചെയ്യാവുന്ന എക്സൈസ് ഡ്യൂട്ടിക്കു പുറമേ ആയിരിക്കുന്നതും, ആ ആക്ററിൻകീഴിൽ തുണിയിൻമേലുള്ള എക്സൈസ് ഡ്യൂട്ടി, ലെവി ചെയ്യുകയും പിരിക്കുകയും ചെയ്യുന്ന അതേരീതിയിൽ ലെവി ചെയ്യുകയും പിരിക്കുകയും ചെയ്യപ്പെടുന്നതും ആകുന്നു.

4. വരവിൻെറ വിനിയോഗം.—കേന്ദ്ര ഗവൺമെൻറിന്, ഈ ആക്ററിൻ കീഴിൽ ലെവിചെയ്യുന്ന എക്സൈസ് ഡ്യൂട്ടിയുടെ അററവരവ്, ഖാദിവ്യവസായവും മററു കൈത്തറി വ്യവസായങ്ങളും വികസിപ്പിക്കുന്നതിന് എടുക്കേണ്ടത് ആവശ്യകമോ സമീചീനമോ ആണെന്ന് അത് കരുതുന്ന നടപടികളുടേയും, പ്രത്യേകിച്ച്,—

(ക) ഖാദി വ്യവസായവും മററു കൈത്തറി വ്യവസായങ്ങളും ഏറെറടുക്കുകയോ, അവയെ സഹായിക്കുകയോ, പ്രോൽസാഹിപ്പിക്കുകയോ ചെയ്യുന്നതിനും;

(ഖ) ഖാദിയും മററു കൈത്തറിത്തുണിയും നിർമ്മിക്കുന്നതിനുള്ള മെച്ചപ്പെട്ട സംപ്രദായങ്ങൾ സ്വീകരിക്കുന്നത് പ്രോൽസാഹിപ്പിക്കുന്നതിനും;

(ഗ) ഖാദിയുടേയും മററുകൈത്തറിത്തുണിയുടേയും ഉത്പാദനത്തിൻെറ സാങ്കേതിക സംപ്രദായത്തിലും, അതു സംബന്ധിച്ച രൂപ മാതൃകകളുടെ കലയിലും ഗവേഷണം പ്രോൽസാഹിപ്പിക്കുകയും, വികസിപ്പിക്കുകയും ചെയ്യുന്നതിനും;

(ഘ) ഖാദി വ്യവസായവും മററു കൈത്തറി വ്യവസായങ്ങളും വികസിപ്പിക്കുന്നതിനുള്ള ഇൻസ്ററിററ്യൂട്ടുകൾ സംരക്ഷിക്കുകയോ, സംരക്ഷിക്കുന്നതിൽ സഹായിക്കുകയോ ചെയ്യുന്നതിനും;

(ങ) ഖാദിയുടേയും മററു കൈത്തറി തുണിയുടേയും വില്പനയും വിപണനവും അഭിവൃദ്ധിപ്പെടുത്തുന്നതിനും;

(ച) ഖാദിയുടേയും മററു കൈത്തറിത്തുണിയുടേയും ഗ്രേഡുകളും മാനകങ്ങളും നിജപ്പെടുത്തുകയും കാളിററി നിയന്ത്രണം പ്രാവർത്തികമാക്കുകയും ചെയ്യുന്നതിനും;

(ഛ) ഖാദിയുടേയും മററു കൈത്തറിത്തുണിയുടേയും നിർമ്മാതാക്കളുടെ ഇടയിൽ സഹകരണാത്മകപ്രവർത്തനം പുലർത്തുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നതിനും;

ഉള്ള നടപടികളുടേയും ചെലവുകൾ നേരിടുന്നതിന് ഉപയോഗപ്പെടുത്താവുന്നതാണ്.

5. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) കേന്ദ്ര ഗവൺമെൻറിന്, ഈ ആക്ററിൻെറ ആവശ്യങ്ങൾ നടപ്പാക്കുന്നതിന് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിൻെറ സാമാന്യതയ്ക്ക് ഭംഗം വരാതേയും, അങ്ങനെയുള്ള ചട്ടങ്ങൾക്ക്—

(ക) ഈ ആക്ററിൻ കീഴിൽ ലെവി ചെയ്യുന്ന എക്സൈസ് ഡ്യൂട്ടിയുടെ വരവ് 4-ാംവകുപ്പിൽ വിനിർദ്ദേശിക്കുന്ന എല്ലാ ആവശ്യങ്ങൾക്കുമോ, അവയിൽ ഏതിനെങ്കിലുമോ ഉപയോഗിക്കാവുന്ന രീതിക്കും;

(ഖ) മുൻപറഞ്ഞ എല്ലാ ആവശ്യങ്ങൾക്കുമോ അവയിൽ ഏതിനെങ്കിലുമോ, അങ്ങനെയുള്ള വരവിൽനിന്ന് സ്റേററ് ഗവൺമെൻറുകൾക്ക് ഗ്രാൻറുകളോ വായ്പകളോ നല്കുന്നതിന്നും;

(ഗ) എക്സൈസ് ഡ്യൂട്ടിയുടെ അററവരവ് ഖാദിവ്യവസായത്തിനും മററു കൈത്തറി വ്യവസായങ്ങൾക്കുമിടയിൽ വിഭജിച്ചുകൊടുക്കുന്നതിനും;

(ഘ) എക്സൈസ് ഡ്യൂട്ടിയുടെ വരവ് സംബന്ധിച്ച കണക്കുകൾ വച്ചുപോരേണ്ട രീതിക്കും;

(ങ) ഈ ആക്ററിൻ കീഴിൽ ലെവി ചെയ്യപ്പെടുന്ന മുഴുവൻ എക്സൈസ് ഡ്യൂട്ടിയിൽ നിന്നോ, അതിൻെറ ഏതെങ്കിലും ഭാഗത്തിൽ നിന്നോ, കേന്ദ്ര എക്സൈസും ഉപ്പും ആക്ററ്, 1944 (1944-ലെ 1)-ൻ കീഴിൽ ചുമത്തപ്പെടുന്ന മുഴുവൻ എക്സൈസ് ഡ്യൂട്ടിയിൽ നിന്നോ അതിൻെറ ഏതെങ്കിലും ഭാഗത്തുനിന്നോ തൽസമയം ഒഴിവാക്കപ്പെട്ടിരിക്കുന്ന ഏതെങ്കിലും തരം തുണി ഒഴിവാക്കുന്നതിനും,

വ്യവസ്ഥ ചെയ്യാവുന്നതാണ്;

എന്നാൽ (ങ) ഖണ്ഡത്തിൻകീഴിലെ ഏതെങ്കിലും ചട്ടം, അതു പ്രസിദ്ധപ്പെടുത്തുന്ന തീയതിക്കു രണ്ടുവർഷത്തിലധികം മുമ്പുള്ളതല്ലാത്ത ഏതെങ്കിലും തീയതി മുതല്ക്ക് പൂർവ്വകാല പ്രഭാവമുണ്ടാകത്തക്കവിധം, ഉണ്ടാക്കാവുന്നതാണ്.